"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - സാമൂഹ്യനീതി വകുപ്പിന് കീഴിൽ കണ്ണൂർ ജില്ലയിലെ വൃദ്ധസദനത്തിൽ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ്-1 തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ മോഹനൻ ബി.യുടെ സസ്പെൻഷൻ കാലയളവ് ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സാമൂഹ്യനീതി(എ) വകുപ്പ്**

സ.ഉ.(സാധാ) നം.200/2023/SJD തീയതി,തിരുവനന്തപുരം, 29-09-2023

പരാമർശം:-

1. 24.11.2020-ലെ സഉ(സാധാ) 667/2020/സാനീവ സർക്കാർ ഉത്തരവ്.
2. 10.05.2021-ലെ സഉ(സാധാ) 578/2021/സാനീവ സർക്കാർ ഉത്തരവ്.
3. സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ 11.04.2022-ൽ പുറപ്പെടുവിച്ച ഇ.5/3432/2022-എസ്.ജെ.ഡി നമ്പർ നടപടിക്രമം.
4. ശ്രീ.മോഹനൻ. ബി-യുടെ 25.04.2022-ലെ റിവ്യൂ പെറ്റീഷൻ.
5. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 26.11.2022, 23.03.2023 എന്നീ തീയതികളിലെ എസ്.ജെ.ഡി/3432/2020-ഇ.5 നമ്പർ കത്തുകൾ
6. 02.08.2023-ലെ സഉ(സാധാ) 166/2023/സാനീവ സർക്കാർ ഉത്തരവ്.

**ഉത്തരവ്**

സാമൂഹ്യനീതി വകുപ്പിന് കീഴിൽ കണ്ണൂർ ജില്ലയിൽ പ്രവർത്തിക്കുന്ന വൃദ്ധസദനത്തിൽ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ്-1 തസ്തികയിൽ സേവനമനുഷ്ഠിച്ച് വന്നിരുന്ന ശ്രീ. മോഹനൻ. ബി-യെ അന്വേഷണ വിധേയമായി 1960-ലെ കേരള സിവിൽ സർവ്വീസസ് (ക്ലാസിഫിക്കേഷൻ, കൺട്രോൾ & അപ്പീൽ) ചട്ടം 10.സി പ്രകാരം സേവനത്തിൽ നിന്നും സസ്പെൻറ് ചെയ്തുകൊണ്ടും ടിയാനെതിരെ മേൽപ്പറഞ്ഞ റൂൾ പ്രകാരം കഠിനശിക്ഷയുള്ള അച്ചടക്കനടപടി സ്വീകരിക്കുന്നതിനും, കൂടാതെ POSH Act, സർക്കാർ ജീവനക്കാരന്റെ പെരുമാറ്റചട്ടം, 2013-ലെ ക്രിമിനൽ ലോ ഭേദഗതി നിയമത്തിലെ IPC സെക്ഷൻ 354.എ, IPC സെക്ഷൻ 509 എന്നിവ പ്രകാരമുള്ള നടപടി സ്വീകരിക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയും പരാമർശം 1-പ്രകാരം ഉത്തരവായിരുന്നു.

2. തുടർന്ന് സസ്പെൻഷൻ പിൻവലിക്കണമെന്നാവശ്യപ്പെട്ട് ടിയാൾ തിരുവനന്തപുരത്തെ ബഹു. കേരള അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒറിജിനൽ ആപ്ലിക്കേഷൻ 1133/2021 നമ്പർ കേസിൽ 29.06.2021-ലെ അന്തിമവിധിയുടെ അടിസ്ഥാനത്തിലും, കണ്ണൂർ ലോക്കൽ കംപ്ലയിന്റ്സ് കമ്മിറ്റി ശ്രീ. മോഹനൻ. ബി-യ്ക്കെതിരെയുള്ള പരാതി (POSH Act പ്രകാരം) അടിസ്ഥാനരഹിതമാണെന്ന് വ്യക്തമാക്കിയതിന്റേയും അടിസ്ഥാനത്തിൽ ടിയാനെതിരെയുള്ള സസ്പെൻഷൻ പിൻവലിച്ചും അച്ചടക്കനടപടിയ്ക്ക് വിഘാതമാകാത്ത വിധത്തിൽ സേവനത്തിൽ തിരികെ പ്രവേശിപ്പിച്ചും പരാമർശം 2-പ്രകാരം ഉത്തരവ്

പുറപ്പെടുവിക്കുകയുണ്ടായി.

3. തുടർന്ന് ടിയാനെതിരെയുള്ള അച്ചടക്ക നടപടി ടിയാന്റെ സ്ഥലംമാറ്റത്തിൽ നിലനിർത്തി തീർപ്പ് കൽപ്പിച്ചും, ടിയാന്റെ 24.01.2020 മുതൽ 04.10.2021 വരെയുള്ള സസ്പെൻഷൻ കാലയളവ് അർഹതപ്പെട്ട അവധിയായി ക്രമീകരിച്ചും സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ പരാമർശം 3-പ്രകാരം ഉത്തരവു പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത നടപടിക്രമം പുനഃപരിശോധിക്കണമെന്നും, ടിയാന്റെ സസ്പെൻഷൻ കാലയളവ് (24.11.2020 മുതൽ 04.10.2021 വരെ) ഡ്യൂട്ടിയായും, ആയതിൻ പ്രകാരം അർഹമായ ജില്ലാ സോഷ്യൽ ജസ്റ്റിസ് ഓഫീസർ തസ്തികയിലേയ്ക്കുള്ള പ്രമോഷൻ 14.02.2021 തിയതിയായി മുൻകാല പ്രാബല്യത്തോടെ നൽകണമെന്നും അഭ്യർത്ഥിച്ച് ശ്രീ.മോഹനൻ. ബി. പരാമർശം 4-പ്രകാരം റിവ്യൂ പെറ്റീഷൻ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

4. ശ്രീ. മോഹനൻ. ബി-ക്കെതിരെയുള്ള അച്ചടക്കനടപടി തീർപ്പാക്കിക്കൊണ്ടുള്ള സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ പരാമർശം 3-ലെ നടപടിക്രമം ക്രമപ്രകാരമല്ലാത്തതിനാൽ ടിയാനെതിരെ കെ.സി.എസ്(സി.സി&എ) ചട്ടങ്ങളിലെ ചട്ടം 34-ൽ നിഷ്കർഷിക്കുന്നതിൻ പ്രകാരം ആരംഭിച്ച വകുപ്പ്തല അച്ചടക്കനടപടി സർക്കാർ പുനഃപരിശോധന നടത്തി ടിയാന് "താക്കീത്" എന്ന ശിക്ഷ നൽകി തീർപ്പാക്കി കൊണ്ടും പരാമർശം 6-പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

5. സസ്പെൻഷൻ കാലയളവ് (24.11.2020 മുതൽ 04.10.2021 വരെ) ഡ്യൂട്ടിയായി കണക്കാക്കണമെന്ന ശ്രീ. മോഹനൻ. ബി. യുടെ അപേക്ഷ സർക്കാർ വിശദമായി പരിശോധിച്ചു. ശ്രീ. മോഹനൻ. ബി-ക്കെതിരായ അച്ചടക്കനടപടി ലഘുശിക്ഷയായ "താക്കീത്" നൽകി തീർപ്പാക്കിയ സാഹചര്യത്തിൽ ടിയാൻറെ 24.11.2020 മുതൽ 04.10.2021 വരെയുള്ള സസ്പെൻഷൻ കാലയളവ് പ്രസ്തുത കാലയളവിലെ ശമ്പളവും ബത്തകളും ടിയാൻ പ്രസ്തുത കാലയളവിൽ കൈപ്പറ്റിയ ഉപജീവനബത്തയിൽ നിജപ്പെടുത്തി എല്ലാ ആവശ്യങ്ങൾക്കും ഡ്യൂട്ടിയായി കണക്കാക്കിക്കൊണ്ടും, 05.10.2021 മുതൽ ടിയാൻ ജോലിയിൽ തിരികെ പ്രവേശിച്ചതുവരെയുള്ള കാലയളവ് കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം-1 ചട്ടം-56 ബി(9) ന് ചുവടെയുള്ള കുറിപ്പ്-2 പ്രകാരം പ്രവേശനകാലമായോ, അർഹമായ അവധിയായോ, ഇവ രണ്ടുമായോ ക്രമീകരിക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദിലീപ് കുമാർ.റ്റി.ഐ
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
ശ്രീ. മോഹനൻ ബി, സൂപ്രണ്ട് ഗ്രേഡ്-1, ഗവൺമെന്റ് പ്രതീക്ഷാഭവൻ,
സാമൂഹ്യനീതി വകുപ്പ്, തവനൂർ, മലപ്പുറം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്/എ &ഇ),കേരളം,തിരുവനന്തപുരം
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-എ) വകുപ്പ് (ടി വകുപ്പിന്റെ 20.01.2023 ലെ
അഡ്വൈസ്.എ.1/282/2022/ഉ.ഭ.പ.വ നമ്പർ കുറിപ്പ് പ്രകാരം)
ധനകാര്യ (വെൽഫെയർ വിംഗ്) വകുപ്പ്(ടി വകുപ്പിന്റെ 23.02.2023 ലെ
ഡബ്ലിയു.ഡബ്ലിയു2/27/2023/ധന നമ്പർ കുറിപ്പ് പ്രകാരം)

ഇൻഫർമേഷൻ ഓഫീസർ, വെബ് &ന്യൂമീഡിയ ഡിവിഷൻ

വിവര പൊതുജന സമ്പർക്ക വകുപ്പ്(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Vipin.s.d.
Date: 30-09-2023 10:32:55

സെക്ഷൻ ഓഫീസർ